**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 28.04.2017-ൽ |
| ചോദ്യം നമ്പർ - 867 | മറുപടിയ്ക്ക് |

## മാവേലിക്കര- കണ്ടിയൂർ ബൈപ്പാസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാജേഷ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര - കണ്ടിയൂർ ബൈപ്പാസിന് തുക അനുവദിച്ചിട്ടും നാളിതുവരെയായി നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br>(സി) പ്രസ്തുത ബൈപ്പാസ് നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) മാവേലിക്കര കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി രണ്ട് കോടി രൂപയുടെ ഭരണാനുമതിയും, 2.30 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ചെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുക്കാതിരുന്നതിനാൽ ക്വട്ടേഷൻ സ്വീകരിക്കുകയും ചെയ്തു. എന്നാൽ ലഭിച്ച ക്വട്ടേഷൻ അധിക നിരക്കിലുള്ളത് ആയതിനാൽ അംഗീകരിച്ചിട്ടില്ല.<br><br>മാവേലിക്കര കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഏറ്റവും കൂടുതൽ ഗ്രാവൽ ഉപയോഗിച്ചുള്ള നികത്തൽ ആണ് വേണ്ടി വരുന്നത്. കമ്പോള വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കാണ് ഇതിന് എസ്റ്റിമേറ്റിലുണ്ടായിരുന്നത്. ഇതിന് പരിഹാരം കാണുന്നതിലേക്കായി മറ്റ് എഞ്ചിനീയറിംഗ് വകുപ്പുകളും, മുഖ്യ പൊതുമേഖലാ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് വ്യക്തമായ ശുപാർശ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ